**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2791

19.12.2012 ൽ മറുപടിക്ക്

ദേശീയ പാതയോരത്ത് വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ദേശീയ പാതയോരത്ത് വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; | എ) ഉണ്ട് |
| ബി) എങ്കിൽ , പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെ യാണ്; | ബി) വിനോദ സഞ്ചാരികൾക്കും ദീർഘദൂര യാത്രികർക്കും തങ്ങളുടെ യാത്രയ്ക്കിടയിൽ വിശ്രമത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, യാത്രയ്ക്ക് ആവശ്യമായതും, വിനോദസഞ്ചാരത്തിനുതകുന്നതുമായ വിവരങ്ങൾ ലഭ്യമാക്കുക മുതലായവ ആണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ |
| സി) വിശ്രമകേന്ദ്രങ്ങളെ പരിസ്ഥിതി സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യം പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | സി) പരിഗണിക്കുന്നതാണ്. |
| ഡി) യാത്രക്കാർക്കായി എന്തെല്ലാം സൗകര്യങ്ങളാണ് വിശ്രമ കേന്ദ്രങ്ങളിൽ ഒരുക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ഡി) അതത് പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന വിനോദസഞ്ചാരികൾക്കും ദീർഘദൂര യാത്രികർക്കും തീർത്ഥാടകർക്കും പ്രയോജനമാകുന്ന വിധത്തിൽ വിശ്രമം, ലഘുഭക്ഷണം മുതലായവയ്ക്കുള്ള സൗകര്യങ്ങൾ , ടോയ്‌ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, യാത്രാ സംബന്ധമായ ഇൻഫർമേഷൻ കിയോസ്ക്, എ.ടി.എം കൗണ്ടറുകൾ, കുട്ടികൾക്കായി വിനോദ ഉപാധികൾ തുടങ്ങിയവയാണ് ഇത്തരം കേന്ദ്രങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ